**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3384** | | **08.11.2019-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **ബ്രഹ്മപുരത്തെ അത്യാധുനിക ഖരമാലിന്യ പ്ലാന്റ്** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | സർക്കാർ അനുമതി നൽകിയിട്ടും കൊച്ചിയിലെ ബ്രഹ്മപുരത്ത് അത്യാധുനിക ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ), (ബി), & (സി) | കൊച്ചിയിലെ ബ്രഹ്മപുരത്ത് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ള വേസ്റ്റ്-റ്റു-എനർജി പ്ലാന്റിന്റെ നിർമ്മാണം തുടങ്ങുന്നതിന് മുന്നോടിയായുള്ള പാരിസ്ഥിതിക അനുമതി ലഭ്യമാകുന്നതിനുണ്ടായ കാലതാമസമാണ് പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കുന്നത് വൈകുന്നതിന് കാരണമായത്. പ്രസ്തുത അനുമതി 05.10.2019-ന് ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ 2019 ഡിസംബർ മാസം ആദ്യവാരത്തിൽ തന്നെ പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. |
| (ബി) | ഇതിനാവശ്യമായ അനുമതികൾ ലഭ്യമായിട്ടുണ്ടോ; എന്തെല്ലാം അനുമതികളാണ് ഇനിയും ലഭ്യമാകേണ്ടതായിട്ടുള്ളത്; അനുമതി ലഭ്യമാകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം അറിയിക്കുമോ; | | |
| (സി) | ഖരമാലിന്യ പ്ലാന്റിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ